7. ആൻജിയോപ്ലാസ്റ്റി	10,000
8. അസ്ഥി സംബന്ധമായ ശസ്ത്രക്രിയ	10,000
9. ക്യാൻസർ	10,000
10. ഡയാലിസിസ്	10,000

ഒരു രോഗിക്ക് ടിയാളുടെ ചികിത്സയ്ക്ക്/ശസ്ത്രക്രിയയ്ക്ക് എത്ര തുക വേണ്ടിവരും എന്ന് ചികിത്സിക്കുന്ന ഡോക്ടർ സാക്ഷ്യപ്പെടുത്താറുണ്ട്. അവ മേൽ കാണിച്ചിരിക്കുന്ന തുകകളിൽ കൂടുതലാണെങ്കിൽ മേൽ പറഞ്ഞ തുക നൽകുന്നതും കുറവാണെങ്കിൽ അത്രയും തുക മാത്രവുമാണ് നൽകാറുള്ളത്.

പാറശ്ശാല താലൂക്ക് ആശുപത്രിയിൽ അത്യാഹിത വിഭാഗം തുടങ്ങുന്നതിനുള്ള നിവേദനം

14 (4883) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല താലൂക്ക് ആശുപത്രിയിൽ അത്യാഹിത വിഭാഗം തുടങ്ങുന്നതിന് നിവേദനം സർക്കാരിന് ലഭ്യമായിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ ആശുപത്രികളിലാണ് അത്യാഹിത വിഭാഗം ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭ്യമായിട്ടുണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ

15 (4884) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പ് കണ്ണൂർ ജില്ലയിൽ എത്ര രൂപയുടെ പദ്ധതികളാണ് ഇതിനകം പൂർത്തീകരിച്ചത് ;

(ബി) ജില്ലയിൽ ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണ് ;

(സി) ഇവ അടിയന്തരമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ 8.5 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) കണ്ണൂർ ജില്ലാ ആശുപത്രി ചെറുകുന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവിടങ്ങളിലെ വികസനപ്രവർത്തനങ്ങളാണ് പൂർത്തീകരിക്കാനുള്ളത്.

(സി) പി.എച്ച്.സി. ചെറുകുന്നിലെ നിർമ്മാണ പ്രവർത്തനങ്ങൾ ആഗസ്റ്റ് മാസത്തിലും ജില്ലാ ആശുപത്രിയിലെ പ്രവർത്തനങ്ങൾ സെപ്റ്റംബർ മാസത്തിലും പൂർത്തീകരിക്കാനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിച്ചതുകൊണ്ടുള്ള കോട്ടങ്ങൾ

16 (4885) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ സ്വകാര്യ പ്രക്ടീസ് നിരോധിച്ച നയം സ്വകാര്യ ആശുപത്രികൾക്ക് സഹായ മാകുമെന്ന് കരുതുന്നുണ്ടോ ;

(ബി) ഈ നയംമൂലം പാവപ്പെട്ട രോഗികൾക്ക് സർക്കാർ ആശുപത്രി യിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം നിശ്ശേഷം നഷ്ടമാവുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അപാകതകൾ തിരുത്തി കൂടുതൽ ജനോപകാരപ്രദമായ രീതി യിൽ ഈ നയം പരിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) സർക്കാർ മെഡിക്കൽ കോളേജുകളിലെ അക്കാഡമിക് നിലവാരം ഉയർത്തുവാനും ഗവേഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാമുഖ്യം നൽകുന്ന തിനും വേണ്ടിയാണ് ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിച്ചത്. ഇതിൽ സ്വകാര്യ ആശുപത്രികളെ സഹായിക്കുക എന്ന പ്രശ്നം ഉദിക്കുന്നില്ല.

(ബി) സ്വകാര്യ പ്രാക്ടീസ് നിരോധനം മൂലം ആശുപത്രികളിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം കൂടുതൽ ഉറപ്പാക്കാനാണ് സാധിച്ചിട്ടുള്ളത്.

(സി) ഇതിൽ എന്തെങ്കിലും അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

രക്തദാനത്തിന്റെ പ്രചരണത്തിനായി നടപടി

17 (4886) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രക്തദാനത്തിന്റെ പ്രചരണത്തിനായി എന്തെല്ലാം നടപടികളാണ് സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത് ;

(ബി) രക്തം ദാനം ചെയ്യുന്ന ഗവൺമെന്റ് ഉദ്യോഗസ്ഥന് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കാറുണ്ടോ ; ഉണ്ടെങ്കിൽ എത്ര എണ്ണം ; ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly